പതിമൂന്നാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1911 17/12/2012 - ൽ മറുപടിക്ക്

## കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന മത്സ്യഗ്രാമങ്ങൾ

ചോദ്യം

ശ്രീ. കെ. ദാസൻ:

മറുപടി

ശ്രീ.കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പ് മന്ത്രി):

(എ) കൊയിലാണ്ടി മണ്ഡലത്തിലെ മത്സ്യഗ്രാമങ്ങൾ ഏതെല്ലാമെന്നും ഓരോ മത്സ്യഗ്രാമത്തിലും എത്ര മത്സ്യതൊഴിലാളി കുടുംബങ്ങളുണ്ടെന്നും വ്യക്തമാക്കുമോ;

(എ) കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന മത്സ്യഗ്രാമങ്ങളുടെയും ഓരോ മത്സ്യഗ്രാമത്തിലുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മത്സ്യഗ്രാമങ്ങൾ | മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ (എണ്ണം) |
|---|---|---|
| 1. | കണ്ണൻകടവ്-കാപ്പാട് | 473 |
| 2. | എടക്കടവ് | 753 |
| 3. | ഏഴുകുടിയ്ക്കൽ | 709 |
| 4. | വലിയമങ്ങാട് | 482 |
| 5. | ചെറിയമങ്ങാട് | 374 |
| 6. | വിരുന്നുകണ്ടി | 613 |
| 7. | കൊല്ലം | 562 |
| 8. | കൊയിലാണ്ടി | 584 |
| 9. | വൻമുഖം കടലൂർ മൂടാടി | 821 |
| 10. | തിക്കോടി | 745 |
| 11. | മേലാടി | 502 |
| 12. | ഇരിങ്ങൽ | 729 |

| | | | |
|---|---|---|---|
| (ബി) | സർക്കാർ നടപ്പിലാക്കുന്ന മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സർക്കാർ നടപ്പിലാക്കുന്ന മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളിൽ ഭവന നിർമ്മാണം, കുടിവെള്ളം, സാനിട്ടേഷൻ, വൈദ്യുതീകരണം, മത്സ്യമേഖല അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, മറ്റ് സാമൂഹ്യ അടിസ്ഥാന സൗകര്യ വികസനം എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. |
| (സി) | മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിലെ ഏതെല്ലാം മത്സ്യഗ്രാമങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിലെ മത്സ്യഗ്രാമങ്ങൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ സംയോജിത മത്സ്യഗ്രാമം പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിലെ കൊയിലാണ്ടി മത്സ്യഗ്രാമം ഉൾപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ കൊയിലാണ്ടി മണ്ഡലത്തിലെ കൂടുതൽ മത്സ്യതൊഴിലാളികൾ അധിവസിക്കുന്ന മത്സ്യഗ്രാമങ്ങളെ പദ്ധതിയിലുൾപ്പെടുത്താൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ? | (ഡി) | ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ